LIBRARY ARCHIVES Kerala Legislative Assembly

ടെൽക്ക്-ന്റെ കൈമാറ്റം

106 [472] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ ടെൽക്ക് കഴിഞ്ഞ മൂന്ന് വർഷമായി ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്;

(ബി) ഓരോ വർഷത്തെയും ലാഭ/നഷ്ടമെത്രയെന്ന് വ്യക്തമാക്കുമോ;

(സി) ലാഭത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനത്തിന്റെ ഉടമസ്ഥാവകാശം സീമെൻസ് എന്ന ബഹുരാഷ്ട്ര കമ്പനിക്ക് കൈമാറുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) സഞ്ചിത നഷ്ടത്തിലാണ്. 2001-2002 വർഷത്തിൽ ലാഭം 606 ലക്ഷം രൂപയും സഞ്ചിത നഷ്ടം 6484 ലക്ഷം രൂപയും, 2002-2003 വർഷത്തിൽ ലാഭം 619 ലക്ഷം രൂപയും സഞ്ചിത നഷ്ടം 6379 ലക്ഷം രൂപയും, 2003-2004-ലെ പ്രവർത്തന ലാഭം 633 ലക്ഷം രൂപയും സഞ്ചിത നഷ്ടം 5758 ലക്ഷം രൂപയുമാണ്.

(സി ആന്റ് ഡി) ഇല്ല. കമ്പനി മാനേജ്മെന്റ് ഗവൺമെന്റിൽ നിന്ന് മാറ്റണമെന്നായിരുന്നു BIFR-ന്റെ ഉത്തരവ്. ഈ ഉത്തരവിനെതിരെ കമ്പനി ഡൽഹി ഹൈക്കോടതിയിൽ നിന്ന് സ്റ്റേ സമ്പാദിച്ചിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ഇ.ആർ.സി. ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച ജി.ഒ. (ആർ.ടി.) 55/2003/വ്യവ. നമ്പർ ഉത്തരവ് പ്രകാരം ഒരു സ്ട്രാറ്റജിക് പാർട്ണർക്കു വേണ്ടി പരസ്യം ചെയ്യുകയും സീമെൻസ് എന്ന കമ്പനി ഇതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനം ആയിട്ടില്ല.

പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കാൻ നടപടി

107 [473] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം സ്വകാര്യ വൽക്കരിക്കുവാനോ വിൽക്കുവാനോ ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിച്ച് വരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) എന്റർപ്രൈസ് റിഫോംസ് കമ്മിറ്റിയുടെ വിശദമായ പഠന നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയെടുത്ത സർക്കാർ തീരുമാനപ്രകാരം ഇന്നേവരെ ലാഭത്തിൽ നടത്താൻ കഴിയാത്ത ആസ്ട്രാൾ വാച്ചസ്, കെൽട്രോൺ കൗണ്ടേഴ്സ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്,